ഉത്തരം

(എ) തൊട്ടിൽപാലം എന്ന സ്ഥലത്ത് മാവേലിസ്റ്റോർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഗ്രാമപ്രദേശങ്ങളിലെ മാവേലിസ്റ്റോറുകളും നടത്തികൊണ്ടു പോകാൻ ഭരണപരമായ ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ മാവേലിസ്റ്റോറുകളും സ്ഥാപിക്കാതിരിക്കുക എന്നതാണ് നയം. ആയതിനാൽ തൊട്ടിൽപാലത്ത് മാവേലിസ്റ്റോർ സ്ഥാപിക്കാൻ നിർവാഹമില്ല.

നാട്ടിക ഫർക്കാ കോ-ഓപ്പറേറ്റീവ് ബാങ്ക് നടത്തിയിരുന്ന റേഷൻ മൊത്തവ്യാപാരം

1239. [1682] ശ്രീ. കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
ഡോ. എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ :
,, കെ. ഇ: ഇസ്മയിൽ :
,, പി. കുമാരൻ :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുമാരൻ :
,, കാനം രജേന്ദ്രൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, വി. കെ. രാജൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, സി. പി. മൂസ്സാൻകുട്ടി :
,, ടി. കെ. അബ്ദു :
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് നടത്തിവന്നിരുന്ന റേഷൻ മൊത്തവ്യാപാരം വിജിച്ചു ഒരുഭാഗം സഹകാര്യവ്യക്തിക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കാണ് ;

(ബി) ഇങ്ങിനെ സഹകാര്യവ്യക്തിയെ ഏൽപ്പിക്കാനുണ്ടായ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഹോംസെയിൽ ഷോപ്പിനുവേണ്ടി എത്രപേരിൽനിന്ന് അപേക്ഷ ലഭിച്ചിരുന്നുവെന്നും അവർ ആരെല്ലാമെന്നും ആർക്ക് കൊടുക്കാമെന്ന് തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാടാനപ്പള്ളിയിൽ പുതുതായി ഒരു റേഷൻ മൊത്തവ്യാപാരശാല അനുവദിച്ചതിനാൽ നാട്ടിക ഫർക്കാ കോ. ഓപ്പറേറീവ് റൂറൽ ബാങ്ക് നടത്തിവന്ന മൊത്തവ്യാപാരശാലയിലോട്ട് ചേർത്തിരുന്ന ചില റേഷൻകടകളും മാറുക ഉണ്ടായി. പുതുതായി അനുവദിച്ച മൊത്ത വ്യാപാരശാല ശ്രീ. എ. ഐ. വിജയനാണ് നൽകിയിട്ടുള്ളത്.

(ബി) ചാവക്കാട് താലൂക്കിലെ റേഷൻകടക്കാരുടെ സൗകര്യാർത്ഥമാണ് വാടാനപ്പള്ളിയിൽ പുതുതായി ഒരു മൊത്തവ്യാപാരശാല അനുവദിച്ചത്.

(സി) തഴെ പറയുന്ന വ്യക്തികളും കോ-ഓപ്പറേറീവ് ബാങ്കും അപേക്ഷകൾ സമർപ്പിച്ചിരുന്നു :

1. നാട്ടിക ഫർക്കാ കോ-ഓപ്പറേറീവ് റൂറൽ ബാങ്ക്.
2. വി. കെ. അബ്ദുൽ റസ്സാക്ക്.
3. എ. ഐ. വിജയൻ.
4. സി. വി. ബാലകൃഷ്ണൻ.
5. കനവിൽ വിജയൻ.
6. താഹർ ബാബുസേട്ട്.
7. ആർ. എ. അബ്ദുൾ കഫൂർ

എന്നിവരായിരുന്നു അപേക്ഷകർ. യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ശ്രീ. എ. ഐ. വിജയനു ഹോംസെയിൽ ഡിപ്പോ അനുവദിച്ചത്.

റേഷൻ ഷാപ്പുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

1240. [1683] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-1985 നു ശേഷം സിവിൽ സപ്ലൈസ് വകുപ്പ് റേഷൻ ഷാപ്പുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് വില കൂട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾക്ക് എത്ര ശതമാനം ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചസാരയ്ക്ക് പത്തു ശതമാനം വിലകൂട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly